നം.പി എൽ.3/58825/2018/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തിയ്യതി:27/10/2018
ഫോൺ :0471 2580586
ഇ-മെയിൽ :dpiplanning@gmail.com

പ്രേഷകൻ

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും

സർ,

വിഷയം: പൊ.വി. - നവകേരള പുനർനിർമ്മിതി -കുട്ടികൾക്ക് വേണ്ടിയുള്ള കാമ്പയിൻ - സംബന്ധിച്ച്.

സൂചന:
1. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പത്രക്കുറിപ്പ് തീയതി. 21.10.2018
2. 24.10.2018 ന് നടന്ന വീഡിയോ കോൺഫറൻസ്.

പ്രളയശേഷം കേരളം പുനർനിർമ്മിതിക്കായുള്ള തയ്യാറെടുപ്പിലാണ്. പ്രളയം അവശേഷിപ്പിച്ച മുറിപ്പാടുകൾ മറികടന്നാണ് നവകേരളം സൃഷ്ടിക്കുന്നത്. വിവിധ മേഖലകളിലെ വിദഗ്ധരുടെ ഭാവനയും അനുഭവസമ്പത്തും ഇതിൽ പ്രയോജനപ്പെടുത്തുന്നു.

നമ്മുടെ കുട്ടികൾക്കും നാളത്തെ കേരളത്തെക്കുറിച്ചുള്ള ആശയങ്ങളും സങ്കൽപങ്ങളുമുണ്ടാകും. ഇതും നമ്മുടെ സമ്പത്താക്കി മാറ്റാം. ഇതിനായി ഒന്നുമുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന നാൽപത്തിയഞ്ച് ലക്ഷത്തിലധികം വരുന്ന കുട്ടികളുടെ ഭാവനയും ചിന്തയും നവകേരളവുമായി ബന്ധപ്പെട്ട് ഉപയോഗപ്പെടുത്താൻ വിദ്യാഭ്യാസ വകുപ്പ് ആഗ്രഹിക്കുന്നു.

നവംബർ 1 കേരളപ്പിറവി ദിനത്തിൽ ഒന്നുമുതൽ പന്ത്രണ്ടു വരെയുള്ള മുഴുവൻ വിദ്യാലയങ്ങളും കേന്ദ്രീകരിച്ച് നടക്കുന്ന കാമ്പയിനിൽ മുഴുവൻ കുട്ടികളും പങ്കാളികളാകേണ്ടതാണ്. കുട്ടികൾക്ക് അവർ ആഗ്രഹിക്കുന്ന രീതിയിൽ. ലേഖനമായോ, ചിത്രങ്ങളായോ കാർട്ടൂണുകളായോ ആശയം മുന്നോട്ടുവയ്ക്കാം. കുട്ടികൾക്ക് ആത്മവിശ്വാസത്തോടെ പ്രകടിപ്പിക്കാവുന്ന ഏതെങ്കിലും ഒരു മാർഗം ഇതിനായി സ്വീകരിക്കാം കുട്ടികളുടെ ഇത്തരത്തിലുള്ള സൃഷ്ടികൾ അന്നേദിവസം വൈകുന്നേരം

രക്ഷിതാക്കൾക്ക് കാണാൻ അവസരമുണ്ടാക്കണം. ഇവയിൽ നല്ല സൃഷ്ടികൾ ക്രോഡീകരിച്ച് ഒരു രേഖയാക്കേണ്ടതുമുണ്ട്.

മുഴുവൻ കുട്ടികളുടെയും ഈ കാമ്പയിനിലെ പങ്കാളിത്തം ഉറപ്പാക്കാൻ സഹകരണം ഉണ്ടാകണമെന്ന് എല്ലാ അദ്ധ്യാപകരോടും രക്ഷിതാക്കളോടും അഭ്യർത്ഥിക്കുന്നു.

ജില്ലാതലത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടറുടെ നേതൃത്വത്തിൽ ഡി ഇ ഒ/എ ഇ ഒ മാർ, സമഗ്രശിക്ഷ കേരളം, ഡയറ്റ്, കൈറ്റ് എന്നിവരുടെ പങ്കാളിത്തത്തോടെ ആസൂത്രണം നടത്തേണ്ടതും കുറ്റമറ്റ രീതിയിൽ പ്രസ്തുത പരിപാടി സംഘടിപ്പിക്കുന്നതിന് പ്രധാന അധ്യാപകർക്ക് നിർദ്ദേശം നൽകേണ്ടതുമാണ്.

വിശ്വസ്തതയോടെ,

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി**

**പകർപ്പ്:**

1. **എല്ലാ ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും**
2. **എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.**
3. **സമഗ്രശിക്ഷാകേരളം - ഡി പി ഒ**
4. **ഡയറ്റുകൾ**